<u>പതിനാലാം കേരള നിയമസഭ</u>

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 607

29.11.2018 ൽ മറുപടിക്ക്

<u>ഐ.ആർ.ഇ.എൽ നടത്തുന്ന പ്രവർത്തനങ്ങൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ : | | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | നിരന്തരമായ കരിമണൽ ഖനനം മൂലം കര നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൊല്ലം ജില്ലയിലെ ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ കടലാക്രമണത്തെ ചെറുക്കുന്നതിനായി ഐ.ആർ.ഇ.എൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | കൊല്ലം ജില്ലയിൽ ആലപ്പാട് ഗ്രാമപഞ്ചായത്തിൽ പണിക്കർക്കടവ് പാലത്തിനും വെള്ളാനത്തുരുത്ത് ബസ് സ്റ്റാന്റിനും ഇടയിലുള്ള കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ ഐ.ആർ.ഇ.എൽ ഏറ്റെടുത്ത് നടത്തി വരുന്നു. കേരള ജലസേചന വകുപ്പിന്റെ സഹകരണത്തോടെ തച്ചൻകടവിനും വെള്ളാനത്തുരുത്ത് ബസ് സ്റ്റാന്റിനും ഇടയിലുള്ള പുലിമുട്ടിന്റെ നിർമ്മാണവും ഐ.ആർ.ഇ.എൽ നടത്തി വരുന്നു. |
| (ബി) | ഈ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി എന്തെല്ലാം സാമൂഹിക സേവന പ്രവർത്തനങ്ങളാണ് ഐ.ആർ.ഇ.എൽ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഐ.ആർ.ഇ.എൽ 3 അംഗൻവാടികളും, ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും നടത്തുന്നു. കൂടാതെ പ്രദേശത്തെ ഗവൺമെന്റ് എൽ.പി.സ്കൂളിന് വേണ്ട സഹായം, തുടർച്ചയായുള്ള മെഡിക്കൽ ക്യാമ്പുകൾ, വരൾച്ച സമയത്ത് കുടിവെള്ള വിതരണം, സാമൂഹ്യ കേന്ദ്രങ്ങളുടെ നിർമ്മാണം, മത്സ്യബന്ധന വല നന്നാക്കുവാനുള്ള സ്ഥലം സൗകര്യം ഒരുക്കൽ എന്നീ പ്രവർത്തനങ്ങളും ഐ.ആർ.ഇ.എൽ ഏറ്റെടുത്ത് നടത്തി വരുന്നു. റോഡുകൾ, ജലപാത, തെരുവുവിളക്കുകൾ മുതലായ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളുടെ നിർമ്മാണവും അറ്റകുറ്റ പണികളും ഐ.ആർ.ഇ.എൽ നടത്തി-വരുന്നുണ്ട്. മൈനിംഗ് ഏരിയ-വെൽഫെയൽ ബോർഡിനും, ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷനും വാർഷിക ഫണ്ട് വിഹിതം നൽകുന്നുണ്ട്. |
| (സി) | കരിമണൽ ഖനനം ശാസ്ത്രീയമായി നടത്തുന്നതിനും ഖനനത്തിലൂടെ നഷ്ടപ്പെടുന്ന കരഭാഗം പുനർസൃഷ്ടിക്കുന്നതിനുവേണ്ടി വേസ്റ്റ് മണൽ ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | മൈനിംഗ് ലീസ് ഉടമ്പടിയിലെ വ്യവസ്ഥകളിൽ ധാതുമണൽ വേർതിരിച്ചതിനു ശേഷമുള്ള ഖനനം ചെയ്ത സ്ഥലത്ത് വേസ്റ്റ് മണൽ നിക്ഷേപിച്ച് ഖനന സ്ഥലം നികത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ കരിമണൽ ഖനനം ചെയ്യുന്ന കമ്പനികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ